## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3330** **14-07-2015 ലെ മറുപടിയ്ക്ക്**

**ശ്രീ. പി.യു.ഷാജുവിന്റെ ഡയാലിസിസ് ട്രീറ്റ്മെന്റ് ധനസഹായം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ബി.ഡി. ദേവസ്സി : | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പോട്ട ദേശത്ത്, പുറക്കുളം വീട്ടിൽ ശ്രീ. പി.യു. ഷാജുവിന്റെ ഡയാലിസിസ് ട്രീറ്റ്മെന്റിനായി തൃശ്ശൂർ ജൂബിലി മിഷൻ ഹോസ്പിറ്റലിലേക്ക് അനുവദിച്ച കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നുള്ള 2 ലക്ഷം രൂപയുടെ ധനസഹായത്തിൽ, ഡയാലിസിസിനു ചെലവായ സംഖ്യ (6000/- രൂപ) കഴിച്ച് ബാക്കിയുള്ള സംഖ്യ ടിയാന്റെ കിഡ്നി ട്രാൻസ്പ്ലാന്റ് സർജറിക്കായി എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലേക്ക് മാറ്റി നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ കാരുണ്യ സംസ്ഥാനതല 15-ാം നമ്പർ കമ്മറ്റിയുടെ 22-ാം നമ്പർ അജണ്ട പ്രകാരം പരിഗണിച്ചെങ്കിലും നാളിതു വരെയായി പ്രസ്തുത ധനസഹായം അനുവദിച്ച് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | ഉണ്ട്. കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നതിന്റെ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ഡയാലിസിസിനായി ആദ്യം അനുവദിച്ചിരുന്ന തുകയിൽ ഉപയോഗിച്ച 5,200/- രൂപ കഴിച്ച് ബാക്കി 1,94,350/- രൂപ അനുവദിക്കുന്നതിന് കാരുണ്യ ബനവലന്റ് ഫണ്ട് സംസ്ഥാനതല സമിതി തീരുമാന പ്രകാരം അഡ്മിനിസ്ട്രേറ്ററെ ചുമതലപ്പെടുത്തിയിരുന്നു. ശ്രീ. പി.യു. ഷാജു സമർപ്പിച്ചിട്ടുള്ള ചികിത്സാ രേഖകളും ബില്ലുകളും പരിശോധിച്ച് തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ധനസഹായം അടിയന്തിരമായി അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | | |

Jayesh

സെക്ഷൻ ഓഫീസർ.